പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 323 01.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജ്

ചോദ്യം

ശ്രീ. എം.എ. വാഹീദ് :
" പി.സി. വിഷ്ണുനാഥ് :
" ലൂഡി ലൂയിസ് :
" ഷാഫി പറമ്പിൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നല്കുമോ; | (എ) | പുനരുദ്ധാരണ പാക്കേജിന് കെ.എസ്.ആർ.ടി.സി രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികളാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (ബി) | പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളിൻ പ്രകാരം നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നു വിശദമാക്കുമോ; | (സി) | കോർപ്പറേഷന്റെ പെൻഷൻ ബാധ്യതയ്ക്ക് പരിഹാരം കാണുക; കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തിമൂല്യം നിർണ്ണയം നടത്തുക, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് കൂടിയ തിരിച്ചടവ് കാലയളവും കുറഞ്ഞ പലിശ നിരക്കുമുള്ള വായ്പകളാക്കി മാറ്റുക, സർക്കാരിന് നൽകാനുള്ള വായ്പ കുടിശ്ശിക മൂലധന നിക്ഷേപകമാക്കി മാറ്റുക, വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ ലാഭകരമാക്കത്തക്ക രീതിയിൽ പുനഃക്രമീകരിക്കുക, സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുക തുടങ്ങിയവയാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ. കൂടാതെ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ |

| | | | |
|---|---|---|---|
| | | | സർവ്വീസ് മുതലായവയും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | കോർപ്പറേഷന്റെ ആസ്തി മൂല്യം നിർണ്ണയിക്കുന്നതിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനം മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൊതുമേഖലാ ബാങ്കുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വായ്പ ലഭ്യമാക്കുന്നതിനായി M/s. SBI CAPITAL MARKETS LTD എന്ന സ്ഥാപനത്തെ നിയോഗിച്ചു കഴിഞ്ഞു. 1090.75 കോടി രൂപയുടെ സർക്കാർ വായ്പ, മൂലധന നിക്ഷേപമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുന്നതിനായി 15 കിലോ മീറ്ററിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ നിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് പ്രകാരം എല്ലാ യാത്രക്കാർക്കും അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതി പരിഗണനയിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ചു കഴിഞ്ഞു. ഇതുകൂടാതെ, പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ എന്നിവയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം / ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ